**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3693. 25.06.2013 ൽ മറുപടിയ്ക്ക്

ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചവരുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള<br>,, പി. ബി. അബ്ദുൾ റസാക്<br>,, എം. ഉമ്മർ<br>,, റ്റി. എ. അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹന ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചവരുടെ പ്രവർത്തന ക്ഷമത കാലാ-കാലങ്ങളിൽ പരിശോധിക്കുന്നതിനും പുതുക്കി നല്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; | (എ) | ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് ഓരോ 3 വർഷം കൂടുമ്പോഴും പുതുക്കി നല്കുന്നുണ്ട്. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ലൈസൻസ് 50 വയസ്സിൽ താഴെയുള്ളവർക്ക് 20 വർഷത്തേക്കോ/ 50 വയസ്സുവരെയോ എന്നതിൽ ഏതാണോ ആദ്യം എന്ന തരത്തിൽ പരിമിത-പ്പെടുത്തിക്കൊണ്ട് നല്കുകയോ/പുതുക്കി നല്കുകയോ ചെയ്യുന്നുണ്ട്. 50 വയസ്സ് കഴിഞ്ഞവർക്ക് 5 വർഷത്തേക്കാണ് ലൈസൻസ് നല്കുന്നത്. മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നല്കുന്നതും പുതുക്കുന്നതും. ലൈസൻസ് നല്കുന്ന സമയത്ത് പ്രവർത്തനക്ഷമത പരിശോധി-ക്കുന്നതല്ലാതെ പിന്നീട് പരിശോധി-ക്കുന്നതിന് സംവിധാനം ഒന്നും തന്നെയില്ല. എന്നാൽ കൂടുതൽ ഇനം വാഹനങ്ങൾ ലൈസൻസിൽ കൂട്ടിച്ചേർക്കുന്നതിന് ടെസ്റ്റ് നടത്തുന്നുണ്ട്. അപകടകരമായ വസ്തുക്കൾ കയറ്റിക്കൊണ്ടു പോകുന്ന വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ഓരോ വർഷവും ട്രെയിനിംഗിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കി ലൈസൻസ് പുതുക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) മോട്ടോർ വാഹന വകുപ്പിനു കീഴിൽ ഡ്രൈവർമാർക്കു വേണ്ടി ഡ്രൈവിംഗ് പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നതു സംബന്ധിച്ച വിശദവിവരം നല്കുമോ; | (ബി) | ഡ്രൈവർമാർക്ക് പരിശീലനം നല്കുന്ന-തിനായി എടപ്പാളിൽ ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കു-ന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. |

| | | |
|---|---|---|
| (സി) ആധുനിക സംവിധാനങ്ങളുള്ള വാഹനങ്ങൾ ഓടിക്കുന്നവർക്ക് അതിനുള്ള പരിശീലനം ലഭിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കാറുണ്ടോ; എങ്കിൽ അവരുടെ ലൈസൻസിൽ ഡ്രൈവിംഗ് പരിശീലനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്താറുണ്ടോ ? | (സി) | ആധുനിക സംവിധാനങ്ങളുള്ള വാഹനങ്ങൾ ഓടിക്കുന്നവരെ, ആവശ്യമെങ്കിൽ പരിശീലനത്തിനും ടെസ്റ്റിനും വിധേയമാക്കുന്നുണ്ട്. ആയത് ഡ്രൈവിംഗ് ലൈസൻസിൽ രേഖപ്പെടുത്തി നല്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.